15 -ാം കേരള നിയമസഭ

11 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1295 — 19-06-2024 - ൽ മറുപടിയ്ക്ക്

## ഹരിപ്പാട് മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഹരിപ്പാട് മണ്ഡലത്തിൽ പൊതുമരാമത്ത് ബിൽഡിംഗ് വിഭാഗം മുഖേന നിർവ്വഹിക്കുന്ന എല്ലാ പ്രവൃത്തികളുടേയും വിശദാംശവും അതിന്റെ നിർവ്വഹണ പുരോഗതിയും അറിയിക്കാമോ; | (എ) | **ഹരിപ്പാട് മണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിട വിഭാഗം മുഖേന നിർവ്വഹിക്കുന്ന പ്രവൃത്തികളുടെ വിശദാംശവും അതിന്റെ നിർവ്വഹണ പുരോഗതിയും ചുവടെ ചേർക്കുന്നു.**<br><br>**1. നങ്ങ്യാർകുളങ്ങര യുപിസ്കൂൾ-പുതിയകെട്ടിടനിർമ്മാണം**<br>**04-11-2020-ലെ G.O.(Rt) No.2978/2020/GEDN നമ്പർ ഉത്തരവ് പ്രകാരം 300,00,000/- രൂപയുടെ ഭരണാനുമതി നൽകുകയും, 29-11-2022-ലെ PWD/BLDG/EST_TS/ 6647/2022_ 23_2_1 പ്രകാരം ചീഫ് എഞ്ചിനീയർ കെട്ടിട വിഭാഗം സാങ്കേതികാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. കരാറുകാരനുമായി 23/01/2023-ൽ ഉടമ്പടി വെയ്ക്കുകയും, പദ്ധതി നിർവ്വഹണത്തിനായി 02-02-2023-ൽ സ്ഥലം കരാറുകാരന് കൈമാറുകയും ചെയ്തിട്ടുണ്ട്. 2024 -ഡിസംബറിൽ പൂർത്തീകരിക്കുന്ന തരത്തിൽ പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.**<br><br>**2. എരിക്കാവ് യു.പി സ്കൂൾ- പുതിയ കെട്ടിട നിർമ്മാണം**<br><br>**05-03-2020 ലെ G.0.(Rt)No.1151/2020/ GEDN നമ്പർ ഉത്തരവ് പ്രകാരം 100,00,000/- രൂപയുടെ ഭരണാനുമതി നൽകുകയും 29-10-2023 - ലെ PWD/ BLDG/EST_TS/ 6622/2022_5_1_1 പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയർ കെട്ടിട വിഭാഗം സാങ്കേതികാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. 16-01-2024 -ൽ കരാറുകാരനുമായി ഉടമ്പടി വച്ചുവെങ്കിലും, പഴയ കെട്ടിടം പൊളിച്ചു നീക്കാത്തതിനാൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല. ഇക്കാര്യം സംബന്ധിച്ച് സ്കൂൾ അധികാരികൾക്ക് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.**<br><br>**3. ആയാപറമ്പ് എച്ച്. എച്ച്. എസ്.- പുതിയ കെട്ടിട നിർമ്മാണം.** |

31-01-2023-ലെ GO(Rt)No: 882/2023/GEDN DTD നമ്പർ ഉത്തരവ് പ്രകാരം 390,00,000/- രൂപയുടെ ഭരണാനുമതി നൽകുകയും 04-01-2024 -ലെ PWD/BLDG/EST_TS/107550/2021_ 23_2_1 പ്രകാരം കെട്ടിടവിഭാഗം ചീഫ് എഞ്ചിനീയർ സാങ്കേതികാനുമതി
നൽകുകയും ചെയ്തിട്ടുണ്ട്. 29-02-2024 -ൽ കരാറുകാരനുമായി ഉടമ്പടി വച്ചുവെങ്കിലും, പഴയ കെട്ടിടം പൊളിച്ചു നീക്കാത്തതിനാൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല. ഇക്കാര്യം സംബന്ധിച്ച് സ്കൂൾ അധികാരികൾക്ക് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

4. <u>ഗവ. ഗേൾസ് ഹയർസെക്കൻഡറി സ്കൂൾ, ഹരിപ്പാട്- പുതിയ കെട്ടിട നിർമ്മാണം.</u>

24/01/2023 -ലെ Go(Rt)No585/2023/GEDN നമ്പർ ഉത്തരവ് പ്രകാരം 100,00,000/- രൂപയുടെ ഭരണാനുമതി നൽകുകയും 07-09-2023-ലെ PWD/BLDG/EST-TS/ 23960/2022-5-1-1 പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയർ കെട്ടിട വിഭാഗം സാങ്കേതികാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. കരാറുകാരനുമായി 27/10/2023-ൽ ഉടമ്പടി വെച്ചുവെങ്കിലും പഴയ കെട്ടിടം പൊളിച്ചു നീക്കാത്തതിനാൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല.

5. <u>തൃക്കുന്നപ്പുഴ ഗവ: എൽ.പി.സ്കൂൾ - പുതിയ കെട്ടിട നിർമ്മാണം</u>

17/02/2023-ലെ G.O(Rt) No.1355/2023/ GEDN. നമ്പർ ഉത്തരവ് പ്രകാരം 200,00,000/- രൂപയുടെ ഭരണാനുമതി നൽകുകയും, സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ 14-02-2024-ലെ ORDER No:BL/2021/230 പ്രകാരം സാങ്കേതികാനുമതി നൽകുകയും ചെയ്തു. ഇതിന്റെ ടെണ്ടർ നടപടികൾ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സ്വീകരിച്ചു വരുന്നു.

6. <u>പൊത്തപ്പള്ളി ഗവ: എൽ.പി.സ്കൂൾ - പുതിയ കെട്ടിട നിർമ്മാണം</u>

04/03/2020 -ലെ G.O.(Rt) No. 1126/2020/GEDN പ്രകാരം 100,00,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി ക്കായിട്ടുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. .

7. <u>പി.ഡബ്ല്യൂ.ഡി. റസ്റ്റ്ഹൗസ്, ഹരിപ്പാട് - ചുറ്റുമതിൽ & ഓഫീസ് സമുച്ചയം</u>

| | | | |
|---|---|---|---|
| | | | **16/03/2024 -ലെ G.O.(Rt) No.384/2024/PWD നമ്പർ ഉത്തരവ് പ്രകാരം 100,00,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.**<br>**സാങ്കേതികാനുമതിക്കായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.**<br><br>**8. <u>ഡയാലിസിസ് യൂണിറ്റ് താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ഹരിപ്പാട് മുകളിലത്തെ നിലകളുടെ നിർമ്മാണം</u>**<br><br>**MC.2/18231/2022/DHS_Dtd:10/11/2022 & DHS/9284/2023- MSP3 TD 24-02-2024നമ്പർ ഉത്തരവ് പ്രകാരം 155.65382 & 0.60 രൂപയുടെ ഭരണാനുമതി**<br>**നൽകുകയും ചെയ്തു. സോയിൽ ഇൻവെസ്റ്റിഗേഷൻ വർക്ക് ടെൻഡർ നടപടികൾ പുരോഗമിച്ചു വരുന്നു.** |
| (ബി) | ഹരിപ്പാട് താലൂക്ക് ആശുപത്രിയുടെ പുതിയ ഡയാലിസിസ് ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ; | (ബി) | ഫയറിന്റെ NOC ലഭ്യമാക്കുന്നതിന് സ്റ്റെയർ ഉൾപ്പെടെ അഡീഷണൽ ബ്ലോക്ക് കൂടി ഉൾപ്പെടുത്തേണ്ടതിനാൽ അതിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ടെണ്ടറിംഗ് സ്റ്റേജിലാണ്. |
| (സി) | പ്രസ്തുത ആശുപത്രിയുടെ നിലവിലുള്ള കെട്ടിടത്തിന്റെ മുകൾഭാഗത്ത് പുതിയ ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ വിഭാവനം ചെയ്തിരിക്കെ ഇതിനായി പ്രത്യേക സോയിൽ ഇൻവെസ്റ്റിഗേഷൻ നടത്തേണ്ടി വന്നതിന്റെ സാഹചര്യവും കാരണവും വ്യക്തമാക്കാമോ; | (സി) | നിലവിലുള്ള കെട്ടിടത്തിന്റെ മുകൾ ഭാഗത്ത് പ്രവൃത്തി ചെയ്യുന്നതിന് സോയിൽ ഇൻവെസ്റ്റിഗേഷൻ നടത്തേണ്ട ആവശ്യമില്ല. ഫയറിന്റെ NOC ലഭ്യമാക്കുന്നതിന് സ്റ്റെയർ ഉൾപ്പെടെ അഡീഷണൽ ബ്ലോക്ക് കൂടി ഉൾപ്പെടുത്തേണ്ടതുണ്ട്. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ടെണ്ടറിംഗ് സ്റ്റേജിലാണ്. |
| (ഡി) | ഹരിപ്പാട് ഡയാലിസിസ് യൂണിറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ഡി) | ഹരിപ്പാട് ഡയാലിസിസ് യൂണിറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഈ പ്രവൃത്തിയുടെ സോയിൽ ഇൻവെസ്റ്റിഗേഷൻ വർക്കിന്റെ ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ